## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതിയിലൂടെയുണ്ടായ സാമ്പത്തിക- ഭൗതിക നേട്ടങ്ങൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1303

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>,, ആർ. സെൽവരാജ്<br>,, എം. പി. വിൻസെന്റ്<br>,, ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയിലൂടെ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം സാമ്പത്തിക-ഭൗതിക നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ച സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ചുവടെ ചേർക്കുന്നു |

| ക്രമനം | വിഷയം | 2011-12 | 2012-13 | 2013-14 ജൂൺ മാസം 10 വരെ |
|---|---|---|---|---|
| 1 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1416441 | 1693287 | 106461 |
| 2 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | 633.10 | 836.41 | 8.73 |
| 3 | ആകെ ലഭ്യമായ തുക (ലക്ഷത്തിൽ) | 112923.29 | 143121.02 | 43904.43 |
| 4 | ആകെ ചെലവ് ( തുക ലക്ഷത്തിൽ) | 104807.49 | 141668.6 | 10231.58 |
| | ചെലവിന്റെ ശതമാനം | 92.81 | 98.98 | 23.30 |

| | | | |
|---|---|---|---|
| (ബി) | എത്ര കോടി രൂപ പ്രസ്തുത കാലയളവിൽ ചെലവഴിച്ചു വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലൂടെ ആകെ 256707.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയിൽ 237569.39 ലക്ഷം രൂപ അവിദഗ്ദ്ധ കായിക തൊഴിലിനുള്ള കൂലിയിനത്തിലാണ് ചെലവഴിച്ചിട്ടുള്ളത്. അതായത് ആകെ ചെലവിന്റെ 92.54% തുകയും അവിദഗ്ദ്ധ കായിക തൊഴിലിനുള്ള കൂലിയിനത്തിലാണ് ചെലവഴിച്ചിട്ടുള്ളത്. |
| (സി) | തൊഴിൽ ലഭ്യമായ കുടുംബങ്ങൾ, സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ എന്നിവയുടെ | (സി) | 2011-12 ൽ 1416441 കുടുംബങ്ങൾക്കും 2012-13 ൽ 1693287 കുടുംബങ്ങൾക്കും 2013-14 ൽ ജൂൺ മാസം 10-ാം തീയതി വരെ 106461 കുടുംബങ്ങൾക്കും തൊഴിൽ |

| | | | |
|---|---|---|---|
| | വിശദാംശങ്ങൾ ലഭ്യമാക്കാമോ. | | നൽകിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ [illegible] ലക്ഷം തൊഴിൽ ദിനങ്ങളും 2012-13 ൽ 836.41 ലക്ഷം തൊഴിൽ ദിനങ്ങളും 2013-14 സാമ്പത്തിക വർഷം ജൂൺ മാസം 10 വരെ 8.73 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. |
| ഡി | പ്രസ്തുത നേട്ടങ്ങൾ കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | പദ്ധതി പുരോഗതിയിൽ നേട്ടങ്ങൾ കൈവരിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>എ) ലേബർ ബഡ്ജറ്റ് കൃത്യതയോടുകൂടി ചിട്ടപ്പെടുത്തുവാൻ കഴിഞ്ഞു.<br>ബി) പദ്ധതിയിൽ കൈവരിച്ച പുരോഗതിക്കനുസൃതമായി ലേബർ ബഡ്ജറ്റ് വർദ്ധിപ്പിക്കുന്നതിന് 2011-12,2012-13 സാമ്പത്തിക വർഷങ്ങളിൽ ലേബർ ബഡ്ജറ്റ് പുതുക്കുന്നതിന് കേന്ദ്രസർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും അതിന് അനുമതി ലഭ്യമാക്കുകയും ചെയ്തു.<br>സി) പദ്ധതി പ്രവർത്തനം കൂടുതൽ വ്യാപിപ്പിച്ചതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരം ഫലപ്രദമായി പരിഹരിക്കുന്നതിന് 60 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ അധികമായി ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും ഒരു എഞ്ചിനീയർ/ ഓവർസീയർ എന്നിവരേയും നിയമിക്കുന്നതിന് അനുമതി നൽകി. കൂടാതെ 2012-13 ൽ 2 കോടിയിലധികം ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ മൂന്നാമത്തെ ഡേറ്റാ എൻട്രി ഓപ്പറേറ്ററിനെയും, എഞ്ചിനീയർ/ ഓവർസീയർ എന്നിവരെയും നിയമിക്കുന്നതിന് അനുമതി നൽകി.<br>ഡി) ഗ്രാമപഞ്ചായത്തിലെ വാർഡ്തലത്തിൽ പദ്ധതി പ്രവർത്തനം ഫലപ്രദമാക്കുന്നതിനും മോണിറ്റ |

| | | | | |
|---|---|---|---|---|
| | | | | റിംഗിനുമായി വാർഡ്മെമ്പറുടെ അദ്ധ്യക്ഷതയിൽ വാർഡ്തല കോർഡിനേഷൻ സമിതികൾ രൂപീകരിച്ചു.<br>ഇ) പദ്ധതിയിലെ കൂലി വിതരണം കാര്യക്ഷമമാക്കുന്നതിലേക്കായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (ഇ-എഫ്.എം.എസ്) നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.<br>എഫ്) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനസാമഗ്രികളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ